"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷനിൽ (**Kerala State Climate Change Adaptation Mission - KSCCAM**) സൃഷ്ടിച്ച തസ്തികകളിൽ അക്കൗണ്ടന്റ്, മൾട്ടി ടാസ്കിംഗ് ഓഫീസർ (**MTO**) എന്നി തസ്തികകളുടെ കരാർ വേതനം കാറ്റഗറി **III** - ൽ നിന്നും കാറ്റഗറി **VIII** ലേക്ക് ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**83/2024/ENVT** തീയതി,തിരുവനന്തപുരം, **26-10-2024**

---

പരാമർശം:- 1. സ.ഉ. (സാധാ) നം. **61/2023**/പരി തീയതി **04-08-2023**

2. സ.ഉ. (പി) നം. **29/2021**/ധന തീയതി **11-02-2021**

3. കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ ചീഫ് റെസിലിയൻസ് ഓഫീസറുടെ **11-03-2024** ലെ **KSCCAM/6/2024-CRO** നം. കത്ത്.

**<u>ഉത്തരവ്</u>**

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉയർന്ന് വരുന്ന വെല്ലുവിളികൾ കണക്കിലെടുത്ത് കാലാവസ്ഥാ വ്യതിയാന കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ പരാമർശം (1) ലെ ഉത്തരവ് പ്രകാരം രൂപീകരിക്കുകയും ടി മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു.

2. പ്രസ്തുത ഉത്തരവിൽ കരാർ/അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് നിശ്ചയിച്ചിരുന്ന അക്കൗണ്ടന്റ്, മൾട്ടി ടാസ്കിങ്ങ് ഓഫീസർ (**MTO**) എന്നീ തസ്തികകൾക്ക് യോഗ്യതയായി ബിരുദം നിശ്ചയിക്കപ്പെടുകയും, ടി രണ്ട് തസ്തികകൾക്കും കേരള സർക്കാരിന്റെ കരാർ വ്യവസ്ഥയിലെ കാറ്റഗറി **III** ക്ക് തുല്യമായ വേതനം നിശ്ചയിക്കുകയും ചെയ്തിരുന്നു. എന്നാൽ ബിരുദം അടിസ്ഥാന യോഗത്യയായി നിശ്ചയിച്ചിട്ടുള്ള ജോലികൾ പരാമർശം (2) ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം കാറ്റഗറി **VIII** ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അക്കൗണ്ടന്റ്, മൾട്ടി ടാസ്കിങ്ങ് ഓഫീസർ (**MTO**) എന്നീ തസ്തികകളെ കാറ്റഗറി **VIII** ആയി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ചീഫ് റെസിലിയൻസ് ഓഫീസർ പരാമർശം (3)-ലെ കത്ത്

പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദ്യാഭാസ യോഗ്യത, തസ്തികയുടെ പ്രധാന ഉത്തരവാദിത്തങ്ങൾ എന്നിവ കണക്കിലെടുത്ത് കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷനിലെ അക്കൗണ്ടന്റ്, മൾട്ടി ടാസ്കിംഗ് ഓഫീസർ (MTO) എന്നീ തസ്തികകളുടെ കരാർ വേതനം കാറ്റഗറി III - ൽ നിന്നും കാറ്റഗറി VIII ലേക്ക് ഉയർത്തി നിശ്ചയിച്ചു് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**UNNIKUTTAN S S**

അണ്ടർ സെക്രട്ടറി

ഡയറക്ടർ, പരിസ്ഥിതി വകുപ്പ്
ചീഫ് റെസിലിയൻസ് ഓഫീസർ, കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ധനകാര്യ (Exp-B) വകുപ്പ് (Exp-B3/108/2024-Fin)
പരിസ്ഥിതി (എ) വകപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Nalan A T
Date: 26-10-2024 16:18:13

സെക്ഷൻ ഓഫീസർ

പകർപ്പ് :- പരിസ്ഥിതി വകുപ്പ് സെക്രട്ടറിയുടെ പി.എ.- യ്ക്ക്
പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്